ത്തിൽ, നമ്മുടെ സംസ്ക്കാരത്തിനുതന്നെ യോജിക്കാത്ത രീതിയിലാണ് നടക്കുന്നത്. പാലക്കാട് ജില്ലയിൽ കഴിഞ്ഞ നാല് മാസത്തിനുളളിൽ നാല് ആളുകൾ എഴുതിവച്ച് ആത്മഹത്യ ചെയ്തു. ആ രൂപത്തിൽ ബ്ലേഡ് കമ്പനിക്കാരേയും അവരുടെ ഗുണ്ടകളുടേയും അക്രമം സഹിക്കവയ്യാതെ ആത്മഹത്യചെയ്യുകയോ നാടുവിടുകയോ ചെയ്യുന്നു. ഈ നാല് ആളുകളും പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. അതിന് യാതൊരു നടപടിയും പോലീസ് എടുക്കുന്നില്ല. പലിശ വാങ്ങുന്ന ബ്ലേഡുകാരിൽ നിന്നും കമ്മീഷൻ വാങ്ങുന്ന പോലീസുകാരുമുണ്ട്. പരാതി കിട്ടുന്നതിനനുസരിച്ച് കർശനമായ നടപടി പോലീസ് സ്റ്റേഷനുകളിലെടുക്കുന്നതിന് വേണ്ട നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് ജില്ലയിൽ അധിക പലിശ വാങ്ങി പണം കടം കൊടുക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽമേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. പാലക്കാട് അമൃത ജുവലറി ഉടമ ശ്രീ. ശിവപ്രസാദ് അമിതമായി പലിസ ഈടാക്കുന്നു എന്നുള്ള ജലാവുദ്ദീന്റെ പരാതിയിൽമേൽ 16.8.1999-ന് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 74/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സ്വകാര്യ പണമിടപാട് കമ്പനികളുടെ നിയമരഹിതമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കട്ടപ്പനയിൽ വട്ടക്കാവുങ്കൽ ജോർജ്ജ് മാത്യുവിന്റെ ദുരൂഹമരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കട്ടപ്പന ആൽവിൻ വക്കച്ചൻ എന്നു വിളിക്കുന്ന ജോർജ്ജ് മാത്യു ഫെബ്രുവരി 19-ന് ദുരൂഹമായ സാഹചര്യത്തിൽ മരണപ്പെട്ട സംഭവമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും ഈ സഭയുടെ ശ്രദ്ധയിലും കൊണ്ടുവരാനുള്ളത്. ഒരു നാട്ടിലും നടക്കാൻ പാടില്ലാത്ത വിസ്മയജനകമായ ദുരൂഹതകൾ ചൂഴ്ന്നുനിൽക്കുന്ന ദാരുണമായ സംഭവമാണ് കട്ടപ്പനയിൽ ഉണ്ടായത്. ആൽവിൻ ഹോം സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ബ്യൂട്ടി പാർലർ നടത്തിയിരുന്ന വക്കച്ചന് മദ്യ വ്യവസായവുമായും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായും ബന്ധം ഉണ്ടായിരുന്നു. വക്കച്ചന്റെ ഭാര്യ ആലീസ് കുഴിത്തുളു ദീപാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയും ആൽവിൻ, അനു എന്നിവർ മക്കളുമാണ്. മദ്യ വ്യവസായവും സ്വകാര്യ പണമിടപാടുമായും ബന്ധപ്പെട്ട് വക്കച്ചന്റെ പങ്കാളിയായ പുത്തൻപുരയ്ക്കൽ സുധാകരന്റെ കട്ടപ്പനയിലുള്ള വീട്ടിൽനിന്ന് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിയാണ് വക്കച്ചൻ മരണമടഞ്ഞത്. സുധാകരൻ തന്നെ അപായപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്നു പറഞ്ഞുകൊണ്ട് വക്കച്ചൻ എഴുതിയതായി കരുതപ്പെടുന്ന രണ്ട് കത്തുകൾ കണ്ടെടുത്തിട്ടുണ്ട്. വക്കച്ചൻ കൊല ചെയ്യപ്പെട്ടതാണെന്ന് കുടുംബാംഗങ്ങളും കട്ടപ്പന നിവാസികളും ബലമായി വിശ്വസിക്കുകയാണ്. ലോക്കൽ പോലീസിൽനിന്ന് നിഷ്പക്ഷവും നീതിപൂർവകവുമായ അന്വേഷണം ജനങ്ങൾ പ്രതീക്ഷിക്കുന്നില്ല. വക്കച്ചന്റെ ഭാര്യ ആലീസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് ദു:ഖം അറിയിക്കുകയും പരാതി നൽകുകയും ചെയ്തു. ഇന്ന് ആ കുടുംബം വളരെ ദു:ഖം അനുഭവിക്കുകയാണ്. ആ നാട് ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

നൊമ്പരം ഏറ്റുവാങ്ങുകയാണ്. ഉന്നത തലത്തിലുള്ള, സ്വാധീനിക്കാൻ കഴിയാത്ത നിലയിലുള്ള ഒരു അന്വേഷണം ഇക്കാര്യത്തിൽ ഉണ്ടാകണം. സാമ്പത്തിക ശക്തികൾ ഇതിന്റെ പിന്നിൽ ഉണ്ടെന്നുള്ളതു കൊണ്ട് ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ഉന്നതതലത്തിലുള്ള അന്വേഷണം ഉണ്ടാകണം. ഈ കുടുംബത്തിന് നീതി ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകണം. ആ നാട് ഇന്ന് പേറുന്ന ഈ ദു:ഖത്തിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇടുക്കി ജില്ലയിലെ കട്ടപ്പന വില്ലേജിൽ വട്ടക്കാവുങ്കൽ ആൽവിൻ വക്കച്ചൻ എന്ന ജോർജ്ജ് മാത്യു 19-2-2000-ന് രാവിലെ കട്ടപ്പനയിലുള്ള സുധാകരന്റെ വീട്ടിൽ പോയിരുന്നു. അവിടെ വച്ച് അബോധവസ്ഥയിലായ വക്കച്ചനെ കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഡോക്ടർ പരിശോധിച്ചപ്പോൾ അദ്ദേഹം മരിച്ചിരുന്നു. ഇതു സംബന്ധിച്ച് ക്രൈം 84/2000 നമ്പരായി കട്ടപ്പന പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. വിഷാംശം ഉള്ളിൽ ചെന്നാണ് മരണപ്പെട്ടത് എന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും അന്വേഷണ ചുമതല ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) സുപ്രീം കോടതി വിധിയെത്തുടർന്ന് മരവിപ്പിച്ച നിയമന നടപടികൾ അടിയന്തിരമായി പുനരാരംഭിക്കാതെന്ന ആവശ്യം

ശ്രീ. എൻ. കണ്ണൻ : സർ, സുപ്രീം കോടതി വിധിയെത്തുടർന്ന് താൽക്കാലികമായി മരവിപ്പിച്ച നിയമന നടപടികൾ പുനരാരംഭിക്കാൻ ഉള്ള തീരുമാനം അടിയന്തിരമായി നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നുള്ളത്. ക്രീമിലെയറിന്റെ പ്രശ്നത്തിൽ സുപ്രീം കോടതി വിധിയെത്തുടർന്ന് പി.എസ്.സി. നിയമനത്തിൽ ഉണ്ടായ തടസ്സം ഗവൺമെന്റ് നീക്കുകയുണ്ടായി. എന്നാൽ ഗവൺമെന്റ് ഉത്തരവ് സംസ്ഥാന പി.എസ്.സി. ആഫീസിലും ജില്ലാ ആഫീസുകളിലും ലഭിച്ചിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഗവൺമെന്റ് തീരുമാനം പത്രങ്ങളിൽ വന്നതു കണ്ട് ഉദ്യോഗാർത്ഥികൾ പി.എസ്.സി. ആഫീസിനെ സമീപിച്ചപ്പോൾ കൃത്യമായി മറുപടി ലഭിക്കുന്നില്ല എന്നുള്ള പരാതി ഉയർന്നുവന്നിരിക്കുകയാണ്. ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകേണ്ടത് എവിടെയാണ്, ഉദ്യോഗം ലഭിക്കുന്ന അതോറിറ്റിയിലാണോ എന്നതിനെ സംബന്ധിച്ച് ആളുകൾക്ക് വ്യക്തമായ വിവരമില്ല. മലപ്പുറം ജില്ലയിൽ ഡിസംബർ 4-ാം തീയതി അഡ്വൈസ് മെമ്മോ ലഭിച്ച ആളുകളുണ്ട്. അവർക്ക് ഇതുവരെ പോസ്റ്റിംഗ് ഓർഡർ അയയ്ക്കുന്നതിനുവേണ്ടിയോ അവർക്ക് ഉദ്യോഗ നിയമനം ലഭിക്കുന്നതിനു വേണ്ടിയോ ഇതുവരെ നോട്ടീസ് ഒന്നും ലഭിച്ചിട്ടില്ല. ഈ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി. മുഖാന്തിരം 1,50,535 ആളുകളെ നിയമിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ അഞ്ചു കൊല്ലം ഭരിച്ച ഗവൺമെന്റിന്റെ ക്ലത്ത് ഇതിന്റെ പകുതി പോലും നൽകാൻ കഴിഞ്ഞിട്ടില്ല. ആ നിയമനമൊക്കെ നടന്നിട്ടുണ്ടെങ്കിലും ഈ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനം അടിയന്തിരമായി നടപ്പിലാക്കുകയും ഗവൺമെന്റ് ആഫീസുകളിലുണ്ടാവുന്ന കാലതാമസം ഒഴിവാക്കു

LIBRARY ARCHIVES Kerala Legislative Assembly